# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 610 — 30/6/2016 -ൽ മറുപടിക്ക്

## കുളക്കട പവിത്രേശ്വരം കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ. മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിൽപ്പെടുന്ന കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും അവയുടെ നിലവിലുള്ള സ്ഥിതിയും വിശദമാക്കുമോ; | (എ) | കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ വിതരണശൃംഖല കുളക്കടയിൽ 25 കി.മീ. ഉം പവിത്രേശ്വരത്ത് 8 കി.മീ. ഉം സ്ഥാപിച്ച് ഭാഗികമായി ജലവിതരണം നടത്തിവരുന്നു. ഫേസ്-2-ൽ ഉൾപ്പെടുത്തി വിതരണശൃംഖല വിപുലീകരിച്ച് പൂർണ്ണ തോതിൽ ജലവിതരണം നടത്തുന്നതിലേക്ക് വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ട സർവ്വേ ജോലികൾ കേരള വാട്ടർ അതോറിറ്റിയിൽ നടന്നുവരുന്നു. |
| (ബി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ആദ്യം വിഭാവനം ചെയ്തിരുന്നത് എന്നും, അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച്, പദ്ധതി എപ്പോൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നും വ്യക്തമാക്കാമോ? | (ബി) | പദ്ധതിയുടെ ഒന്നാം ഘട്ടം 2013 ഡിസംബർ മാസത്തോടെ കമ്മിഷൻ ചെയ്യാനാണ് ആദ്യം വിഭാവനം ചെയ്തിരുന്നത്. 2014 ഡിസംബർ മാസത്തിൽ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായുള്ള വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് (D.E.R) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ഡി.ഇ.ആർ ന് ഭരണാനുമതി നൽകിയ ശേഷം മാത്രമേ എന്നത്തേക്ക് പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

JSK/